# نصيحة الجمعة

تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند
(Dakshina Kerala Jam–iyyathul Ulama, Kollam, Kerala)
للأستاذ المولوي سي. اي. موسى الباقوي القاسمي : ٩٤٤٧٤٦٥٦٤٨

**തീയതി:** 21/07/2017 **വിഷയം:** അധിക്ഷേപിക്കരുത്

يَا أَيُّهَا الَّذِينَ آمَنُوا لَا يَسْخَرْ قَوْمٌ مِّن قَوْمٍ عَسَىٰ أَن يَكُونُوا خَيْرًا مِّنْهُمْ ...﴿حجرات : ١١﴾

- ➢ പ്രപഞ്ചവും അതിലെ സർവ്വതും അല്ലാഹുവിന്റെ സൃഷ്ടി സംവിധാനമാണ്. ആകാശഭൂമികൾ, മനുഷ്യൻ, കാറ്റ്, മഴ, ചൂട്, തണുപ്പ്, ജീവികൾ, പ്രാണികൾ... എല്ലാം.
- ➢ സൃഷ്ടി വസ്തുക്കളെ ആക്ഷേപിക്കലും പരിഹസിക്കലും ദീൻ തടഞ്ഞു. കാരണം ആത്യന്തീകമായി അത് അല്ലാഹുവിനെ ആക്ഷേപിക്കലായി മാറും. കാലത്തെ ആക്ഷേപിക്കരുതെന്ന് നബി(സ്വ) പറഞ്ഞപ്പോൾ ഇതുതന്നെയാണ് കാരണമായി പറഞ്ഞത്.

عَن أَبِي هُرَيْرَةَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ لَا تَسُبُّوا الدَّهْرِ , فَإِنَّ اللَّهَ هُوَ الدَّهْرِ (مسلم)

(=അല്ലാഹുവാണ് കാലത്തെ നിയന്ത്രിക്കുന്നത്. അതുകൊണ്ട് കാലത്തെ കുറ്റപ്പെടുത്തരുത്) ഉദാ: നശിച്ച കാലം, നശിച്ച മഴ എന്നിങ്ങനെ പറയരുത്

عَن أَبِي هُرَيْرَةَ سَمِعْتُ رَسُولَ اللَّهِ (ص) يَقُولُ قَالَ اللَّهُ عَزَّ وَجَلَّ يَسُبُّ ابْنُ آدَمَ الدَّهْرَ وَأَنَا الدَّهْرُ بِيَدِي اللَّيْلُ وَالنَّهَارُ (مسلم)

(=എന്റെ നിയന്ത്രണത്തിലാണ് രാപകലുകൾ) ഈഹദീസുകളെ വിവരിച്ചുകൊണ്ട് നവവി(റ) എഴുതുന്നു.

لَا تَسُبُّوا فَاعِلَ النَّوَازِلِ ، فَإِنَّكُمْ إِذَا سَبَبْتُمْ فَاعِلَهَا وَقَعَ السَّبُّ عَلَى اللَّهِ تَعَالَى ؛ لِأَنَّهُ هُوَ فَاعِلُهَا وَمُنْزِلُهَا(شرح مسلم)

(=പ്രയാസങ്ങൾ ഉണ്ടാക്കുന്ന വസ്തുക്കളെ നിങ്ങൾ ആക്ഷേപിക്കരുത്. അതുവഴി അല്ലാഹുവിനെയാണ് നിങ്ങൾ ആക്ഷേപിക്കുന്നത്.കാരണം അതിനെ സംവിധാനിച്ചവൻ അല്ലാഹുവാണ്.)

➢ നിസാരമായ പ്രാണികളെ പോലും ആക്ഷേപിക്കരുതെന്നാണ് തിരുവചനം.

عَنْ عَلِيٍّ قَالَ نَزَلْنَا مَنْزِلًا فَآذَتْنَا الْبَرَاغِيثُ فَسَبَبْنَاهَا فَقَالَ رَسُولُ اللَّهِ (ص) لَا تَسُبُّوهَا فَنِعْمَتْ الدَّابَّةُ، فَإِنَّهَا أَيْقَظَتْكُمْ لِذِكْرِ اللَّهِ (طبراني)

(=ഞങ്ങൾ ഒരു വീട്ടിൽ ഉറങ്ങിയപ്പോൾ ചെള്ളുശല്യം ഉ ായി. അപ്പോൾ ഞങ്ങളതിനെ ചീത്തപറഞ്ഞു. നബി(സ്വ) പറഞ്ഞു. അവയെ ചീത്ത വിളിക്കരുത്. അവകാരണം നിങ്ങൾ തഹജ്ജുദിന് ഉണർന്നു).

ഇന്ന് ഈച്ചയും കൊതുകും ചെള്ളും പ്രാണികളും ശല്യമാകുമ്പോൾ ‘‘നശിച്ചവ’’ എന്ന് ജനം പറയാറുണ്ട്. അത് അരുത്. ശല്യമാകുന്ന പ്രണികളെ കൊല്ലാൻ ദീൻ അനുവാദം കൊടുക്കുമ്പോഴും അവയെ ആക്ഷേപിക്കരുതെന്ന കൽപ്പന വളരെ പ്രസക്തമാണ്. കോഴി ശല്യമാകുമ്പോൾ അവയെ ശപിക്കുകയോ ആ ക്ഷേപിക്കുകയോ പാടില്ല.

عَنْ زَيْدِ بْنِ خَالِدٍ رَضِيَ اللَّهُ تَعَالَى عَنْهُ قَالَ : قَالَ رَسُولُ اللَّهِ (ص) لَا تَسُبُّوا الدِّيكَ فَإِنَّهُ يُوقِظُ لِلصَّلَاةِ (أَبُو دَاوُد)

പടപ്പുകളെ അനാദരിക്കരുതെന്നാണ് ഇതെല്ലാം പഠിപ്പിക്കുന്നത്.

➢ എങ്കിൽ സൃഷ്ടികളിൽ ശ്രേഷ്ടരായ മനുഷ്യരെ ഒരു തരത്തിലും അനാദരിക്കരുത്. അവൻ കഅ്ബയെക്കാൾ ആ ദരണീയനെന്ന് നബി(സ്വ) പഠിപ്പിച്ചു.

عَن بْنِ عُمَرَ قَالَ رَأَيْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَطُوفُ بِالْكَعْبَةِ وَيَقُولُ مَا أَطْيَبَكِ وَأَطْيَبَ رِيحَكِ مَا أَعْظَمَكِ وَأَعْظَمَ

حُرْمَتَكِ وَالَّذِي نَفْسُ مُحَمَّدٍ بِيَدِهِ لَحُرْمَةُ الْمُؤْمِنِ أَعْظَمُ عِنْدَ اللَّهِ حُرْمَةً مِنْكِ مَالِهِ وَدَمِهِ وَأَنْ نَظُنَّ بِهِ إِلَّا خَيْرًا(ابن ماجه)

(=ത്വവാഫ് ചെയ്യവേ കഅ്ബയെ നോക്കി നബി(സ്വ) പറഞ്ഞു: നീ എത്ര സുഗന്ധ പൂരിതം! നിന്റെ പവിത്രതയും ആദരവും എത്രവലുതാണ്. അല്ലാഹുവിൽ സത്യം ഒരു വിശ്വാസിയുടെ ആ ദരവ് അല്ലാഹുവിന്റെ അടുക്കൽ നിന്റെ ആദരവിനേക്കാൾ വലു താണ്. അവന്റെ സമ്പത്തും രക്തവും പവിത്രമാണ്. അവനെ കു റിച്ച് നല്ലതേ നാം ഭാവിക്കാവൂ)

കഅ്ബയുടെ നേരെ മറയില്ലാതെ വിസർജനം നടത്തൽ ഹറാം. കഅ്ബയുടെ നേരെ തുപ്പൽ അദബല്ല. ഇത്രത്തോളം കഅ്ബ യെ ആദരിക്കുന്ന നാം മനുഷ്യരെ എത്ര ആദരിക്കണം?

- അല്ലാഹുവിനെ ആദരിക്കുന്നതിന്റെ ഭാഗമാണ് മനുഷ്യനെ ആദരിക്കൽ എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

عَنْ أَبِى مُوسَى الأَشْعَرِىِّ قَالَ رَسُولُ اللَّهِ (ص) إِنَّ مِنْ إِجْلاَلِ اللَّهِ إِكْرَامَ ذِى الشَّيْبَةِ الْمُسْلِمِ وَحَامِلِ الْقُرْآنِ (مسلم)

(=അല്ലാഹുവിനെ ആദരിക്കുന്നതിന്റെ ഭാഗമാണ് പ്രായമുള്ളവ രെയും ഹാഫിളീങ്ങൾ, ആലിമീങ്ങളെയും ആദരിക്കൽ)

عَنْ عُبَادَةَ بْنِ الصَّامِتِ قَالَ سَمِعْتُ النَّبِيَّ (ص) يَقُولُ لَيْسَ مِنْ أُمَّتِي مَنْ لَمْ يُجِلَّ كَبِيرَنَا وَيَرْحَمْ صَغِيرَنَا وَيَعْرِفْ لِعَالِمِنَا حَقَّهُ (أحمد)

ചരിത്രം: ഒരിക്കൽ നബി (സ്വ)യെ കാണാൻ ജരീർബ്നു അബ് ദില്ല വന്നു. തിരക്ക് മൂലം അദ്ദേഹത്തിന് ഇരിക്കാൻ സ്ഥലം കിട്ടിയില്ല. അപ്പോൾ നബി(സ്വ) തന്റെ വസ്ത്രം അദ്ദേഹത്തിന് ഇട്ടുകൊടുത്ത് വിരിച്ചിരിക്കാൻ പറഞ്ഞു. അദ്ദേഹം അത് ചുംബിച്ചശേഷം തങ്ങൾക്ക് മടക്കിക്കൊടുത്തു. ബഹുമാന പൂർവ്വം അതിൽ ഇരുന്നില്ല.

عَنْ جَرِيرِ بْنِ عَبْدِ اللَّهِ الْبَجَلِيِّ ....فَأَخَذَهُ جَرِيرٌ فَضَمَّهُ وَقَبَّلَهُ ، ثُمَّ رَدَّهُ عَلَى النَّبِيِّ (ص) وَقَالَ أَكْرَمَكَ اللَّهُ يَا رَسُولَ اللَّهِ كَمَا أَكْرَمْتَنِي

തുടർന്ന് നബി(സ്വ)സ്വഹാബത്തിനോട് ഇപ്രകാരം പറഞ്ഞു.

إِذَا أَتَاكُمْ كَرِيمُ قَوْمٍ فَأَكْرِمُوهُ (طبراني)

➢ ഒരാൾ കയറുന്നതുവരെ വീടിന്റെയോ വാഹനത്തിന്റെയോ ഡോർ തുറന്ന് പിടിച്ചുകൊടുക്കുന്നത് പാപമോചനത്തിന്റെ വഴിയാണ്.

وَعَنِ ابْنِ عَبَّاسٍ: قَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَنْ أَمْسَكَ بِرِكَابِ أَخِيهِ الْمُسْلِمِ لَا يَرْجُوهُ وَلَا يَخَافُهُ غَفَرَ اللَّهُ لَهُ (طبراني)

(=ഒരാൾ വാഹനത്തിന്റെ ജീനി പിടിച്ചുകൊടുത്താൽ പാപം പൊ റുക്കും. അവനിൽ ഒന്നും ആഗ്രഹിക്കാതെയും പേടിച്ചല്ലാതെയും ആയാൽ)

മനുഷ്യരെ നാം ആദരിക്കണം. അവരെ ആക്ഷേപിക്കുക, പരിഹസിക്കുക, അവരെ കാണുമ്പോൾ കാർപ്പിച്ചു തുപ്പുക. ഇതെല്ലാം കടുത്ത തെറ്റാണ്.

يَا أَيُّهَا الَّذِينَ آمَنُوا لَا يَسْخَرْ قَوْمٌ مِّن قَوْمٍ عَسَىٰ أَن يَكُونُوا خَيْرًا مِّنْهُمْ وَلَا نِسَاءٌ مِّن نِّسَاءٍ عَسَىٰ أَن يَكُنَّ خَيْرًا مِّنْهُنَّ ۖ وَلَا تَلْمِزُوا أَنفُسَكُمْ وَلَا تَنَابَزُوا بِالْأَلْقَابِ ۖ بِئْسَ الِاسْمُ الْفُسُوقُ بَعْدَ الْإِيمَانِ ۚ وَمَن لَّمْ يَتُبْ فَأُولَٰئِكَ هُمُ الظَّالِمُونَ ﴿حجرات : ١١﴾

(=പരിഹസിക്കരുത്, കുത്തുവാക്ക് പറയരുത്. ഇരട്ടപ്പേരിടരുത്. ഇതിൽ നിന്ന് പിന്തിരിയാത്തവരെ ‘‘അക്രമികൾ’’ കൾ എന്നാണ് ഖുർആൻ വിളിക്കുന്നത്.

■